ഈ നേട്ടത്തിന്റെ പിറകിലുള്ള ധനകാര്യ മാനേജ്മെന്റിന്റെ കൂടുതൽ വിശദമായ രൂപം പ്രസംഗത്തിന്റെ അവസാന ഭാഗത്ത് ഞാൻ പ്രത്യേകം പ്രതിപാദിക്കുന്നതാണ്.

വിവിധ വകുപ്പുകളുടെ പരിപാടികൾ

8. ഇനി, സംസ്ഥാന ഗവൺമെന്റിന്റെ പ്രവർത്തനങ്ങളെ സംക്ഷിപ്തമായി ഞാൻ അവലോകനം ചെയ്യട്ടെ.

9. നെൽക്കൃഷി ആദായകരമല്ലാത്തതുകൊണ്ട് കഴിഞ്ഞ കുറെ വർഷങ്ങളായി നെല്ല് കൃഷിചെയ്യുന്ന സ്ഥലത്തിന്റെ വിസ്തീർണ്ണം കുറഞ്ഞുവരികയാണ്. അതുകൊണ്ട് നെല്ലുൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് ഗവൺമെന്റ് വിവിധ പരിപാടികൾ നടപ്പാക്കിവരുന്നു. 1985-86-ൽ ഈ പരിപാടികൾക്കു വേണ്ടി 2.48 കോടി രൂപ ചെലവാകുമെന്നാണ് കണക്കാക്കുന്നത്. കായൽ-കോൾ നിലങ്ങളിലെ നെൽക്കൃഷിക്ക് ഹെക്ടറിന് 100 രൂപ നിരക്കിൽ വളം സബ്സിഡി നൽകിവരുന്നുണ്ട്. നാളികേരത്തിന്റെ വിലയിടിവാണ് കാർഷികരംഗത്തെ ഏറ്റവും ആസ്വാസ്ഥ്യജനകമായ സംഭവവികാസം. കേരകർഷകർ അഭിമുഖീകരിക്കുന്ന ഗുരുതരമായ ഈ പ്രശ്നത്തിനു പരിഹാരം കണ്ടുപിടിച്ച് അവരെ സഹായിക്കുന്നതിന് ഗവൺമെന്റ് പ്രതിജ്ഞാബദ്ധമാണ്. നാളികേര വികസന ബോർഡിന്റെയും കേന്ദ്ര ഗവൺമെന്റിന്റെയും സഹായത്തോടുകൂടി വിവിധ കേരവികസന പദ്ധതികൾ നടപ്പാക്കിവരികയാണ്. തെങ്ങിന്റെ വേരുചീയൽ രോഗം നിർമ്മാർജ്ജനം ചെയ്യുന്നതിന്, വെട്ടിമാറ്റുന്ന ഓരോ തെങ്ങിനും 75 രൂപ എന്ന ക്രമത്തിൽ ധനസഹായം നൽകുന്ന പദ്ധതിപ്രകാരം 1985-86-ൽ, രോഗം ബാധിച്ചതോ കായ്ഫലം കുറഞ്ഞതോ ആയ 58,000 തെങ്ങുകൾ വെട്ടിമാറ്റിയിട്ടുണ്ട്. കശുവണ്ടിയുത്പാദനം വർദ്ധിപ്പിക്കുന്നതിന് വിവിധ പദ്ധതികൾ ഏറ്റെടുത്തിട്ടുണ്ട്. മണ്ണ്-സംരോധ കാഷ്യൂ പ്രോജക്ട് എന്ന പദ്ധതി പ്രകാരം കശുമാവു വച്ചുപിടിപ്പിക്കുന്നതിന് ഹെക്ടറിന് 900 രൂപ നിരക്കിൽ സബ്സിഡി നൽകിവരുന്നു. നല്ലയിനം കുരുമുളക് തണ്ടുകൾ കുറഞ്ഞ വിലയ്ക്ക് കൃഷിവകുപ്പിൽനിന്നും കർഷകർക്ക് വിതരണം ചെയ്യുന്നുണ്ട്. ചെലവു കുറഞ്ഞതും തുടർച്ചയായി ലഭിക്കുന്നതുമായ ഊർജ്ജം സമാഹരിക്കുന്നതിനുദ്ദേശിയ ബയോഗ്യാസ് വികസന പദ്ധതി കേരളത്തിലും നടപ്പാക്കിവരുന്നു. ഇതനുസരിച്ച് 1985-86-ൽ 1145 ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിച്ചു കഴിഞ്ഞു. ഈ പദ്ധതിക്കുവേണ്ടി 1986-87-ലേക്ക് 75 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. എണ്ണപ്പനക്കൃഷിക്കുവേണ്ടി ഇതിനകം തന്നെ വൻപിച്ച തുക ഗവൺമെന്റ് മുടക്കിക്കഴിഞ്ഞു. എന്നാൽ ഈ സംരംഭങ്ങളുടെ പൂർണ്ണമായ പ്രയോജനം ലഭിക്കുന്നതിന് എണ്ണപ്പനക്കുരു ആട്ടിയെടുത്ത് സംസ്കരിക്കുന്നതിനുള്ള സംവിധാനം കൂടി ഉണ്ടാകേണ്ടിയിരിക്കുന്നു. ഇതിനുവേണ്ടി പൊതുമേഖല സ്ഥാപനമായ ഓയിൽ പാം ഇൻഡ്യയ്ക്ക് സാമ്പത്തിക സഹായം നൽകുവാൻ ഒരുകോടി രൂപ മാറ്റിവയ്ക്കുന്നു. ഈ തുക ഓയിൽ പാം ഇൻഡ്യയിൽ ഓഹരി മൂലധനമായി ഗവൺമെന്റ് നിക്ഷേപിക്കുന്നതാണ്.

10. സമുദ്രമത്സ്യബന്ധനമേഖലയിൽ പ്രവർത്തിക്കുന്ന പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് ആവുന്നത്ര സഹായം ചെയ്യുകയെന്നതാണ് ഏഴാം പഞ്ചവൽസര പദ്ധതിയിലെ പ്രധാന ലക്ഷ്യം. മത്സ്യഫെഡ് എന്ന സഹകരണ സ്ഥാപനം ഈ ഉദ്ദേശത്തോടുകൂടിയാണ് രൂപവത്കരിച്ചിട്ടുള്ളത്. നാടൻ വള്ളങ്ങൾ, വലകൾ, മറ്റുപകരണങ്ങൾ എന്നിവ നൽകുക, മത്സ്യം കരയ്ക്കടുപ്പിക്കുന്നതിനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുക, മത്സ്യം വിറ്റഴിക്കുന്നതിന് സഹകരണ മേഖലയിൽ ആവശ്യമായ സംവിധാനങ്ങൾ ക്രമീകരിക്കുക എന്നിവ

LIBRARY ARCHIVES Kerala Legislative Assembly

മത്സ്യഫെഡിന്റെ പരിപാടികളിൽ ഉൾപ്പെടുന്നു. ദേശീയ സഹകരണ വികസന കോർപ്പറേഷന്റെ സഹായവും ഇക്കാര്യത്തിൽ ലഭിച്ചുവരുന്നു. പാർപ്പിട സൗകര്യം, അപകടത്തിൽപ്പെടുന്നവർക്ക് ഇൻഷ്വറൻസ് മുതലായ ക്ഷേമപദ്ധതികളും മുഖേന മത്സ്യത്തൊഴിലാളികൾക്ക് ഗവൺമെന്റ് പരമാവധി സഹായം നൽകുന്നുണ്ട്. അടുത്തകാലത്ത് രൂപീകരിച്ച മത്സ്യത്തൊഴിലാളി ക്ഷേമനിധി ഉപയോഗിച്ച് കൂടുതൽ ക്ഷേമപ്രവർത്തനങ്ങളും വരും വർഷങ്ങളിൽ നടപ്പിലാക്കാൻ സാധിക്കുമെന്ന് ഗവൺമെന്റ് കരുതുന്നു. ഉൾനാടൻ ജലാശയങ്ങളിൽ മത്സ്യകൃഷി വൻതോതിൽ നടപ്പാക്കുന്നതിന് ആവശ്യമായ സഹായ സഹകരണങ്ങളും ഗവൺമെന്റ് ചെയ്തുകൊടുക്കുന്നതാണ്. ഓരുവെള്ളം കയറുന്ന പ്രദേശങ്ങളുടെ ഒരു സർവ്വേ നടത്തുക, ചെമ്മീൻ വളർത്തലിനും മത്സ്യക്കുഞ്ഞുങ്ങളെ വിരിയിക്കുകയും വളർത്തുകയും ചെയ്യുന്നതിനുമുള്ള കേന്ദ്രങ്ങളും സ്ഥാപിക്കുക, മത്സ്യകൃഷിക്കാർക്ക് വികസന ഏജൻസികളും രൂപീകരിക്കുക തുടങ്ങിയ പദ്ധതികളും 1986-87-ൽ നടപ്പിലാക്കുന്നതാണ്. ആഴക്കടൽ മത്സ്യബന്ധനത്തിനുള്ള മികച്ച സാദ്ധ്യതകളും നാം ഇതുവരെ പൂർണ്ണമായും പ്രയോജനപ്പെടുത്തിയിട്ടില്ല. ഇക്കാര്യത്തിനാവശ്യമായ മുതൽമുടക്കു നടത്തണമെന്നാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. ആഴക്കടൽ മൽസ്യ ബന്ധനത്തിനുവേണ്ടി രണ്ടു ട്രോളറുകളും വാങ്ങുന്നതിനും 1986-87-ൽ 3.2 കോടി രൂപ മാറിവയ്ക്കുന്നു.

11. നിലവിലുള്ള വനങ്ങളും സംരക്ഷിക്കുക, പുതിയ പ്രദേശങ്ങളിൽ മരം വച്ചുപിടിപ്പിക്കുക എന്നിവയ്ക്കാണ് 1986-87-ലെ വനവികസന പരിപാടികളിൽ മുൻതൂക്കം നൽകുന്നത്. സാമൂഹ്യ വനവത്കരണമാണ് ഇപ്പോൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ഒരു പ്രധാന പദ്ധതി. 1986-87-ൽ ഈ പദ്ധതിക്ക് ഒൻപതരകോടി രൂപ മാറിവച്ചിട്ടുണ്ട്. സൈലൻറ്വാലി നാഷണൽ പാർക്കിന്റെ വികസനത്തിനുവേണ്ടി 1986-87-ലേക്ക് 32 ലക്ഷം രൂപ വകകൊള്ളിക്കുന്നു.

12. ദാരിദ്ര്യ നിർമ്മാർജ്ജനത്തിനും തൊഴിലവസരങ്ങളും സൃഷ്ടിക്കുന്നതിനുവേണ്ടിയുള്ള ഐ. ആർ. ഡി. പി., എൻ. ആർ. ഇ. പി., ആർ. എൽ. ഇ. ജി. പി. തുടങ്ങിയ പദ്ധതികളും തുടർന്നും ഊർജ്ജസ്വലമായി നടപ്പാക്കുന്നതാണ്. 1986-87-ൽ ഐ. ആർ. ഡി. പി. പദ്ധതിപ്രകാരം പുതുതായി തെരഞ്ഞെടുക്കുന്ന 27,000 കുടുംബങ്ങൾക്കും നേരത്തെ തെരഞ്ഞെടുത്ത 81,000 കുടുംബങ്ങൾക്കും ധനസഹായം നൽകും. 17 കോടി രൂപ ഇതിലേക്കു മാറിവയ്ക്കുന്നു. ഇത് ഈ വർഷത്തേക്കാൾ രണ്ടുകോടി രൂപ കൂടുതലാണ്. ആറാം പഞ്ചവൽസര പദ്ധതിക്കാലത്ത് എൻ. ആർ. ഇ. പി. പദ്ധതിപ്രകാരം 77 കോടി രൂപ ചെലവഴിക്കുകയുണ്ടായി. ഇതുമൂലം 5.25 കോടി തൊഴിൽ ദിനങ്ങളും സൃഷ്ടിക്കാനും. നിരവധി റോഡുകളും, വീടുകളും, കിണറുകളും, സ്കൂൾ കെട്ടിടങ്ങളും, കമ്മ്യൂണിറ്റി ഹാളുകളും തുടങ്ങിയ പൊതു സ്ഥാപനങ്ങളും ഏർപ്പെടുത്താനും കഴിഞ്ഞു. 42 കോടി രൂപയുടെ അടങ്കലുള്ള വിവിധ പണികളും ഈ പരിപാടി പ്രകാരം നടന്നു വരുന്നു. അവ അടുത്തവർഷം തുടരുകയും ചെയ്യും. 1986-87-ൽ ഈ പദ്ധതിക്കുവേണ്ടി 19 കോടി രൂപ നീക്കിവച്ചിട്ടുണ്ട്. അത് ഇക്കൊല്ലത്തെ തുകയേക്കാൾ മൂന്നു കോടി രൂപ കൂടുതലാണ്. ഇപ്പോൾ നടന്നുവരുന്ന 15 കോടി രൂപയുടെ പണികൾക്കുപുറമേ പുതിയ പല പദ്ധതികളും ആർ. എൽ. ഇ. ജി. പി. പദ്ധതിയിൽ അടുത്തവർഷം ഏറ്റെടുക്കുന്നതാണ്. പട്ടികജാതി. പട്ടിക വർഗ്ഗക്കാർക്കുവേണ്ടി 10,000 ഗ്രൂപ്പു വീടുകൾ നിർമ്മിക്കുന്നതിനുള്ള പരിപാടിയാണ് ഇവയിൽ പ്രധാനം. ആർ. എൽ. ഇ. ജി. പി. ക്ക് 1986-87-ലേക്ക് 10 കോടി രൂപ വകയിരുത്തുന്നു. ദേശീയ തലത്തിലുള്ള പീപ്പിൾസ് ആക്ഷൻ ഫോർ ഡെവലപ്പ്മെന്റ് ഇൻഡ്യാ എന്ന സംഘടനയുടെ മാതൃകയിൽ

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനതലത്തിൽ ഒരു സന്നദ്ധസംഘടന രൂപവത്കരിച്ചിട്ടുണ്ട്. ഗ്രാമീണവികസന പദ്ധതികളും തയ്യാറാക്കുന്നതിലേക്ക് ആവശ്യമായ സാങ്കേതികവും മറ്റുമായ ഉപദേശങ്ങളും ഈ സന്നദ്ധസംഘടന നൽകുന്നതാണ്.

13. കൃഷിക്കാരുടെ മൂലധനാവശ്യങ്ങൾ നിറവേറ്റുന്നതിനും കാർഷികോത്പന്നങ്ങൾ വിപണനം ചെയ്യുന്നതിനും, സംസ്ഥാനത്തെ സഹകരണ സംഘങ്ങൾ പ്രധാന പങ്കു വഹിച്ചിട്ടുണ്ട്. ഹ്രസ്വകാല വായ്പ, മിതകാല വായ്പ, ദീർഘകാല വായ്പ എന്നീ ഇനങ്ങളിൽ 1985-86-ൽ 370 കോടി രൂപ വിതരണം ചെയ്യണമെന്നാണ് കരുതിയിരുന്നത്. എന്നാൽ ഈയിനങ്ങളിൽ ഇക്കൊല്ലം 398 കോടി രൂപ വിതരണം ചെയ്യുന്നതാണ്. 1986-87-ൽ ഈ ആവശ്യങ്ങൾക്ക് 415 കോടി രൂപ നൽകുവാൻ ഉദ്ദേശിക്കുന്നു. ഏഴാം പദ്ധതിയുടെ അവസാനമെത്തുമ്പോഴേക്കും കാർഷിക മൂലധനത്തിനാവശ്യത്തിന്റെ 75 ശതമാനം സഹകരണമേഖലവഴി നിറവേറ്റുവാൻ കഴിയുമെന്നു കരുതുന്നു. കൃഷിക്കാർക്കു നൽകിവരുന്ന പലിശയിളവു പദ്ധതി സ്ഥിരാടിസ്ഥാനത്തിൽ തുടരുന്നതാണ്. 1986-87-ൽ, 95 കോടി രൂപയുടെ കാർഷികോത്പന്നങ്ങൾ വിപണനസഹകരണസംഘങ്ങൾ മുഖേന വിറ്റഴിക്കും. കേരളത്തിന്റെ പരമ്പരാഗത കയറുമതി ഉത്പന്നമായ ഇഞ്ചിയുടെ വിപണി മന്ദീഭവിച്ചിട്ടുള്ള സാഹചര്യത്തിൽ സഹകരണമേഖല വഴിയും മറ്റു സംവിധാനങ്ങളിലൂടെയും ചുക്കിന്റെ വിപണനം മെച്ചപ്പെടുത്തി നിലവിലുള്ള പ്രശ്നങ്ങൾക്ക് പ്രതിവിധി കണ്ടെത്തുവാൻ ശ്രമിക്കുന്നതാണ്.

14. ജലസേചന രംഗത്ത് നിർമ്മാണത്തിലിരിക്കുന്ന വൻകിടയും ഇടത്തരവുമായ പദ്ധതികൾ പൂർത്തിയാക്കുന്നതിനായിരിക്കും മുൻഗണന നൽകുന്നത്. ഇങ്ങനെയുള്ള 19 പദ്ധതികളിൽ കല്ലട, പമ്പ, പെരിയാർവാലി, ചിറ്റൂർപുഴ, കാഞ്ഞിരപ്പുഴ, കുറ്റിയാടി, പഴശ്ശി, ചിമ്മിണി, കാരാപ്പുഴ എന്നീ ഒൻപതു പദ്ധതികളും ഏഴാം പദ്ധതിക്കാലത്ത് പൂർത്തിയാക്കുന്നതാണ്. ഏഴാം പദ്ധതിക്കാലത്ത് മൂവാറ്റുപുഴ പദ്ധതി ഭാഗികമായി പ്രവർത്തനക്ഷമമാവും. അട്ടപ്പാടി, ബാണാസുരസാഗർ, വാമനപുരം, മീനച്ചിൽ, ചാലിയാർ എന്നീ പദ്ധതികളും നിർമ്മാണത്തിന്റെ വിവിധഘട്ടങ്ങളിലാണ്. കുറിയാർകുട്ടി-കാരപ്പാറ വിവിധോദ്ദേശ പദ്ധതിക്ക് സാങ്കേതിക കാരണങ്ങളാൽ ഇതുവരെ കേന്ദ്ര ഗവൺമെന്റിന്റെ അനുമതി ലഭിച്ചിട്ടില്ല. പാലക്കാടു ജില്ലയ്ക്കു പൊതുവിലും, കൂടെക്കൂടെ വരൾച്ചയുടെ കെടുതിയിൽപ്പെടുന്ന കൊഴിഞ്ഞാമ്പാറ തുടങ്ങിയ പ്രദേശങ്ങൾക്ക് പ്രത്യേകിച്ചും പ്രയോജനപ്രദമായ ഈ പദ്ധതിക്ക് കേന്ദ്രത്തിന്റെ അംഗീകാരം സമ്പാദിച്ച് എത്രയുംവേഗം പ്രാവർത്തികമാക്കുന്നതാണ്. ജലസേചനത്തിനുവേണ്ടി 1986-87-ൽ 53 കോടി രൂപ വകകൊള്ളിച്ചിട്ടുണ്ട്. ഇതുമൂലം 64,000 ഹെക്ടർ സ്ഥലത്ത് കൂടുതലായി ജലസേചനസൗകര്യം ഏർപ്പെടുത്തുവാൻ സാധിക്കും. ചെറുകിട ജലസേചനത്തിന് 1986-87-ലേക്ക് ഏഴുകോടി രൂപ വകയിരുത്തിയിരിക്കുന്നു. ഇത് ഇക്കൊല്ലത്തേക്കാൾ മൂന്നുകോടി രൂപ കൂടുതലാണ്.

15. പുതിയ കടൽഭിത്തികളും കെട്ടുന്നതിനും കേടുവന്നവ നന്നാക്കുന്നതിനുംവേണ്ടി ഈ ബഡ്ജറ്റിൽ 5.25 കോടി രൂപ നീക്കിവയ്ക്കുന്നു. ഇത് 1985-86-നേക്കാൾ 1.25 കോടി രൂപ കൂടുതലാണ്. വെള്ളപ്പൊക്ക നിയന്ത്രണ പരിപാടികൾക്കുവേണ്ടിയും 1986-87-ൽ കൂടുതൽ തുക വകകൊള്ളിച്ചിട്ടുണ്ട്.

16. 1986-87-ൽ പശ്ചിമഘട്ട വികസന പദ്ധതി പ്രകാരം അവികസിത മേഖലകളുടെ വികസനത്തിനുവേണ്ടി 5.63 കോടി രൂപ നീക്കിവയ്ക്കുന്നു. മറ്റു പിന്നോക്ക മേഖലകളിലും പ്രാദേശിക വികസന പരിപാടികൾ ഏറ്റെടുക്കുവാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ട്. 1986-87-ൽ കാസർഗോഡ്

LIBRARY ARCHIVES Kerala Legislative Assembly

വയനാട്, മലപ്പുറം, ഇടുക്കി എന്നീ ജില്ലകളിൽ ഇത്തരം പദ്ധതികൾ ഏറെടുക്കുന്നതിലേക്ക് ഒരുകോടി രൂപ മാറിവയ്ക്കുന്നു.

17. ഇടുക്കി ജലവൈദ്യുത പദ്ധതിയുടെ രണ്ടാംഘട്ടത്തിന്റെ ഒന്നാം യൂണിറ്റ് സമീപകാലത്ത് കമ്മീഷൻ ചെയ്യുകയുണ്ടായി. ഇതിന്റെ രണ്ടാം യൂണിറ്റ് നാളെ കമ്മീഷൻ ചെയ്യുന്നതാണ്. അതോടുകൂടി സംസ്ഥാനത്തെ വൈദ്യുതി ഉത്പാദനം 1271.5 മെഗാവാട്ട് ആയി വർദ്ധിക്കും. രണ്ടാം ഘട്ടത്തിൽപ്പെടുന്ന മൂന്നാം യൂണിറ്റ് 1986 ജൂണിൽ പൂർത്തിയാകും. ഒട്ടാകെ 720 മെഗാവാട്ട് ഉത്പാദനശേഷിയുള്ള പൂയംകുട്ടി ജലവൈദ്യുത പദ്ധതിക്ക് കേന്ദ്രത്തിന്റെ അംഗീകാരം ഉടൻതന്നെ കിട്ടുമെന്നു പ്രതീക്ഷിക്കുന്നു. ലോകബാങ്കിന്റെ സഹായമുള്ള ലോവർ പെരിയാർ പദ്ധതിയുടെ പണി പുരിപ്പാടിയനുസരിച്ച് പുരോഗമിച്ചു വരുന്നു. മാട്ടുപ്പെട്ടിയിലും മലമ്പുഴയിലും ഓരോ ചെറുകിട ജലവൈദ്യുത പദ്ധതി സ്ഥാപിക്കുന്നതിന് പ്ലാനിംഗ് കമ്മീഷനിൽനിന്ന് അംഗീകാരം കിട്ടിക്കഴിഞ്ഞു. ഇതിന്റെ പ്രാഥമിക പണികൾ ഉടനെ ആരംഭിക്കുന്നതാണ്. നടന്നുകൊണ്ടിരിക്കുന്ന പണികൾ തീർക്കുന്നതിനായിരിക്കും മുൻഗണന നൽകുക. വോൾട്ടേജ് മെച്ചപ്പെടുത്തുന്നതിനും പ്രസരണ സംവിധാനം ശക്തമാക്കുന്നതിനും നടപടികൾ സ്വീകരിക്കുന്നതാണ്. ഇതിനുവേണ്ടി ലോകബാങ്കിന്റെ സഹായത്തോടുകൂടി ബൃഹത്തായ ഒരു പദ്ധതി നടപ്പാക്കിവരുന്നു. 1985 നവംബറിൽ ആരംഭിച്ച തീവ്രയത്ന പരിപാടിയുടെ ഫലമായി വൈദ്യുതി എത്താതിരുന്ന നിരവധി പ്രദേശങ്ങളിൽ വൈദ്യുതി എത്തിക്കുന്നതിനും ഗാർഹിക-കാർഷിക-വ്യാവസായികാവശ്യങ്ങൾക്ക് അപേക്ഷകൾ സമർപ്പിച്ചിരുന്ന ആയിരക്കണക്കിന് ആളുകൾക്ക് വൈദ്യുതി നൽകുന്നതിനും, ഹരിജൻ-ഗിരിജൻ കോളനികളും ലക്ഷം വീടുകളും വൈദ്യുതീകരിക്കുന്നതിനും കഴിഞ്ഞു. ഈ പരിപാടി അടുത്തവർഷവും തുടരുന്നതാണ്.

18. സംസ്ഥാനത്തിന്റെ വ്യവസായവത്ക്കരണം ത്വരിതപ്പെടുത്തുന്നതിന് ആവശ്യമായ എല്ലാ നടപടികളും ഗവൺമെൻറ് സ്വീകരിച്ചു വരുന്നു. ചെറുകിട വ്യവസായമേഖലയിൽ തൊഴിൽരഹിതരായ 13,000 അഭ്യസ്തവിദ്യർക്ക് തൊഴിലവസരങ്ങൾ ഉണ്ടാക്കിക്കൊടുക്കുന്നതിന് 1986-87-ൽ സാധിക്കുമെന്നാണ് പ്രതീക്ഷ. വ്യവസായവത്ക്കരണത്തിൽ പ്രാദേശിക സന്തുലിതാവസ്ഥ കൈവരുത്തുന്നതിന് ഉയർന്ന മുൻഗണന നൽകുന്നതാണ്. ഇതിലേക്ക് വ്യവസായങ്ങൾ കാര്യമായി ഇല്ലാത്ത വയനാട്, ഇടുക്കി ജില്ലകളിൽ വ്യവസായ വളർച്ചാകേന്ദ്രങ്ങൾ തുടങ്ങുന്നതാണ്. മേൽപ്പറഞ്ഞ ജില്ലകളിൽ ഏറെടുക്കുന്ന പ്രസ്തുത പദ്ധതിക്കുവേണ്ടി 1986-87-ലേക്ക് 75 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്. കേന്ദ്ര നിക്ഷേപ സബ്സിഡിയുടെ പ്രയോജനം ലഭിക്കാത്ത ജില്ലകളിൽ സംസ്ഥാന നിക്ഷേപ സബ്സിഡി തുടർന്നു നൽകുന്നതാണ്. ഇതിലേക്ക് 90 ലക്ഷം രൂപ 1986-87-ൽ വക കൊള്ളിച്ചിട്ടുണ്ട്.

19. പരമ്പരാഗത വ്യവസായ വികസനത്തിന് ഗവൺമെൻറ് സജീവ പരിഗണന നൽകുന്നതാണ്. കയർവ്യവസായരംഗം ഇന്നു നേരിടുന്ന തളർച്ചയ്ക്ക് ഒരു പ്രധാന കാരണം വിദേശ വിപണികളുടെ കുറവാണ്. ഈ പ്രശ്നം പരിഹരിക്കുന്നതിന് 1986-87-ലെ കയർ വികസന പരിപാടിയിൽ ആഭ്യന്തര വിപണികൾ കണ്ടെത്തുന്നതിന് ഊന്നൽ നൽകിയിരിക്കുന്നു. കയർ വ്യവസായത്തിന്റെ വളർച്ചയ്ക്ക്, ന്യായമായ വിലയ്ക്ക്, ആവശ്യമായ തൊണ്ട് സഹകരണ സംഘങ്ങൾക്ക് ലഭ്യമാക്കേണ്ടതുണ്ട്. ഇതു കണക്കിലെടുത്ത് തൊണ്ടിന് ഒരു ലെവി സമ്പ്രദായം ഏർപ്പെടുത്തുന്നതാണ്.

20. ഇപ്പോഴുള്ള ജനത തുണിത്തരങ്ങളുടെ ഉത്പാദനം വർദ്ധിപ്പിക്കുന്നതോടൊപ്പം പുതിയ ജനത കൈത്തറിയിനങ്ങളുടെ ഉത്പാദനവും ഉറപ്പു

LIBRARY ARCHIVES Kerala Legislative Assembly

വരുത്തും. ഏഴാം പഞ്ചവൽസര പദ്ധതിയിൽ 2.5 ലക്ഷം പേർക്ക് കൂടുതലായി ജോലി നൽകുന്നതിനുള്ള ഒരു സുപ്രധാന പദ്ധതി കേരള ഖാദി ബോർഡ് ആവിഷ്ക്കരിച്ചിട്ടുണ്ട്. ഇത് ഊർജ്ജസ്വലമായി നടപ്പാക്കും.

21. അന്തർദ്ദേശീയ വിപണിയിൽ കശുവണ്ടിയ്ക്കുണ്ടാകുന്ന വില വ്യത്യാസം, സംസ്ഥാനത്തിനകത്തുതന്നെ കശുവണ്ടിയുടെ ലഭ്യത എന്നിവയെ അടിസ്ഥാനമാക്കിയാണ് ഒന്നര ലക്ഷത്തോളം തൊഴിലാളികൾക്ക് ജോലി നൽകുവാൻ സാദ്ധ്യതയുള്ള കേരളത്തിലെ കശുവണ്ടി വ്യവസായത്തിന്റെ ഭാഗധേയം നിർണ്ണയിക്കപ്പെടുന്നത്. കേരളത്തിലെ മിനിമം വേജസ് നിരക്ക് അയൽ സംസ്ഥാനങ്ങളിലേതിനേക്കാൾ കൂടുതലായിരിക്കുന്നതിനാൽ ഈ വ്യവസായം അയൽ സംസ്ഥാനങ്ങളിലേക്ക് മാറിക്കൊണ്ടുപോകുന്ന ഇന്നത്തെ പ്രവണത തടയേണ്ടതുണ്ട്. ഇക്കാര്യം പരിഗണിച്ച്, പൂട്ടിയിടുന്ന കശുവണ്ടി ഫാക്ടറികളിലെ തൊഴിലാളികളെ സഹകരണാടിസ്ഥാനത്തിൽ സംഘടിപ്പിച്ച് അവരുടെ സഹകരണ സംഘങ്ങളെ രൂപവത്ക്കരിക്കുന്നതിനുള്ള ഒരു പുതിയ പരിപാടി ആവിഷ്ക്കരിച്ചിട്ടുണ്ട്. ഇപ്രകാരം രൂപവത്ക്കരിക്കപ്പെടുന്ന സഹകരണ സംഘങ്ങളെ കാപ്പക്സ് എന്ന കേന്ദ്ര സംഘടനയുടെ കീഴിൽ കൊണ്ടു വരുന്നതാണ്.

22. പ്രവർത്തനശേഷിയും നിർവഹണശൈലിയും മെച്ചപ്പെടുത്തി പൊതുമേഖലാസ്ഥാപനങ്ങളെ നഷ്ടം ഒഴിവാക്കണമെന്ന് വ്യക്തമായ നിർദ്ദേശം അവയ്ക്കു നൽകിയിട്ടുണ്ട്. ഒരു താലൂക്കിൽ ഒരു വ്യവസായം എന്ന പദ്ധതിയനുസരിച്ച് നിരവധി വ്യവസായ സംരംഭങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ കൈക്കൊള്ളുകയുണ്ടായി. ഇവയിൽ 27 സംരംഭങ്ങൾ ഇതിനകംതന്നെ പൂർത്തിയാക്കിക്കഴിഞ്ഞിട്ടുണ്ട്. കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ, സംസ്ഥാനത്തിന്റെ വ്യവസായ വളർച്ചയിൽ, പ്രത്യേകിച്ച് സംയുക്തമേഖലയിൽ വ്യവസായ സംരംഭങ്ങൾ സ്ഥാപിക്കുന്നതിന്, പ്രധാന പങ്കു വഹിച്ചിട്ടുണ്ട്. ഇപ്പോൾ 44 വ്യവസായ പ്രോജക്ടുകളുടെ നിർമ്മാണം നടക്കുന്നുണ്ട്. ഒട്ടാകെ 120 കോടി മുതൽമുടക്കുള്ള ഈ പ്രോജക്ടുകൾക്ക് 4500 പേർക്കു തൊഴിൽ നൽകാൻ കഴിയും. ലാഭകരമായി നടത്താൻ കഴിയുമെന്ന് പബ്ലിക് എൻറർപ്രൈസസ് ബോർഡ് ശുപാർശ ചെയ്യുന്ന പുതിയ സംരംഭങ്ങളിൽ നിക്ഷേപിക്കുന്നതിനുവേണ്ടി ഒരു കോടി രൂപ 1986-87-ലെ ബഡ്ജറ്റിൽ പ്രത്യേകമായി വകയിരുത്തുന്നു.

23. 1986-87-ൽ സംസ്ഥാന റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ പഴക്കംചെന്ന ബസ്സുകൾക്കു പകരം 350 പുതിയ ബസ്സുകൾ വാങ്ങുന്നതാണ്. ട്രാൻസ്പോർട്ട് വർക്ക്ഷോപ്പുകളിൽ അറ്റകുറ്റപ്പണികൾക്കും മറ്റും ഇപ്പോഴുള്ള സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതാണ്. പുതുതായി ഒരു മേഖലാ വർക്ക്ഷോപ്പുകൂടി 1986-87-ൽ ആരംഭിക്കും.

24. ചെറുകിട-ഇടത്തരം തുറമുഖങ്ങളിൽ ചരക്കു ഗതാഗതം മെച്ചപ്പെടുത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. ചാനലിലെ മണ്ണുമാറ്റുക, പഴയ ടഗ്ഗുകൾക്കു പകരം പുതിയവ വാങ്ങുക, വാർഫുകൾ നിർമ്മിക്കുക എന്നിവ 1986-87-ലെ പരിപാടികളാണ്. അറ്റകുറ്റപ്പണികൾക്കുള്ള വർക്ക്ഷോപ്പുകളുടെ കാര്യക്ഷമതയും മെച്ചപ്പെടുത്തും.

25. ഉൾനാടൻ ജലഗതാഗത രംഗത്തെ വിവിധ ഏജൻസികളുടെ പ്രവർത്തനങ്ങളെ ഏകോപിക്കുന്നതിന് ഒരു ഉൾനാടൻ ജലഗതാഗത അതോറിറ്റി രൂപവത്കരിക്കാൻ ഉദ്ദേശിക്കുന്നു. ഇതിനുവേണ്ടി 1986-87-ലെ ബഡ്ജറ്റിൽ 10 ലക്ഷം രൂപ മാറ്റിവയ്ക്കുന്നു. നീണ്ടകര-ചെറിയഴീക്കൽ തോടിന്റെ പണി 1986-87-ൽ പൂർത്തിയാക്കുന്നതാണ്. എറണാകുളം ജില്ലയിലെ ചമ്പക്കര തോടിന്റെ രണ്ടാം ഘട്ടം പണി ഇൻഡ്യാ ഗവൺമെൻറിന്റെ അനുവാദം

LIBRARY ARCHIVES Kerala Legislative Assembly

ലഭിച്ചാലുടൻ തന്നെ ഏറെറടുക്കുന്നതാണ്. ഇതിന് 155 ലക്ഷം രൂപയാണ് അടങ്കൽതുക.

26. സംസ്ഥാനത്തെ വിനോദസഞ്ചാര വികസന പരിപാടികൾക്ക് ഉയർന്ന മുൻഗണന നൽകുന്നതാണ്. 1986-87-ൽ ഇതിലേക്ക് 1.50 കോടി രൂപ മാററിവച്ചിട്ടുണ്ട്. ഇത് ഇക്കൊല്ലത്തേക്കാൾ 20 ലക്ഷംരൂപ കൂടുതലാണ്.

27. പ്രീഡിഗ്രി തലത്തിലുള്ള കോഴ്സുകളും പരീക്ഷകളും നടത്തുന്നതിനും, പാഠ്യപദ്ധതികൾ പരിഷ്ക്കരിക്കുന്നതിനുംവേണ്ടി ഒരു പ്രീഡിഗ്രി ബോർഡ് രൂപീകരിക്കുന്നതാണ്. എല്ലാ തലങ്ങളിലുംപെട്ട ജനങ്ങളുടെ വിദ്യാഭ്യാസാവശ്യങ്ങൾ നിറവേററുന്നതിനും അനൗപചാരിക വിദ്യാഭ്യാസ സൗകര്യങ്ങൾ എല്ലാ വിഭാഗക്കാർക്കും ലഭ്യമാക്കുന്നതിനും വേണ്ടി ഒരു ഓപ്പൺ യൂണിവേഴ്സിററി സ്ഥാപിക്കുന്ന കാര്യം ഗവൺമെൻറ് പരിഗണിച്ചുവരുന്നു. ഒരു സംസ്കൃത സർവ്വകലാശാല സ്ഥാപിക്കുന്നതു സംബന്ധിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ ഒരു സ്പെഷ്യൽ ആഫീസറെ നിയോഗിച്ചിട്ടുണ്ട്. ഇലക്ട്രോണിക്സിൽ ആവശ്യമായ സാങ്കേതിക വിജ്ഞാനം പകർന്നുകൊടുക്കുന്നതിന് 1986-87-ൽ ഒരു ഇൻസ്ററിററ്യൂട്ട് ഓഫ് മാൻപവ്വർ ഡവലപ്പ്മെൻറ് ഇൻ ഇലക്ട്രോണിക്സ് തിരുവനന്തപുരത്തു സ്ഥാപിക്കുന്നതാണ്. ഇതിന് കേന്ദ്ര ഗവൺമെൻറിൽ നിന്നും സഹായം പ്രതീക്ഷിക്കുന്നു. വിവിധ സാങ്കേതിക ശാഖകളിൽ നടന്നുവരുന്ന പരിശീലന പരിപാടികൾ ശക്തിപ്പെടുത്തുന്നതിന് ആവശ്യമായ നടപടികൾക്ക് നേതൃത്വം നൽകത്തക്കവിധം ലാൽ ബഹദൂർ ശാസ്ത്രി എഞ്ചിനീയറിംഗ് റിസർച്ച് ആൻറ് കൺസൾട്ടൻസി സെൻററിന്റെ പദവി ഉയർത്തുന്നതാണ്. കണ്ണൂർ, കോട്ടയം, ആലപ്പുഴ എന്നീ ജില്ലകളിൽ പുതിയ വനിതാ പോളിടെക്നിക്കുകൾ സ്ഥാപിക്കും.

28. ആരോഗ്യ പരിപാലന കാര്യത്തിൽ അസൂയാവഹമായ വളർച്ച നേടിയ സംസ്ഥാനമാണ് കേരളം. മററു സംസ്ഥാനങ്ങളെ അപേക്ഷിച്ച് ജനസംഖ്യാനുപാതികമായി ഡോക്ടർമാരുടെയും ആശുപത്രിക്കിടക്കകളുടെയും എണ്ണം കേരളത്തിൽ കൂടുതലാണ്. ജനന നിരക്ക് 1000-ത്തിന് 24.9 എന്ന കണക്കിലും മരണനിരക്ക് 1000-ത്തിന് 6-7 എന്ന കണക്കിലും കുറച്ചു കൊണ്ടുവരുന്നതിനു നമുക്കു സാധിച്ചു. ശിശുമരണം ആകട്ടെ 1000-ത്തിന് 30 എന്ന കണക്കിൽ കുറഞ്ഞിട്ടുണ്ട്. 1985-86-ൽ ഇരുപതിന പരിപാടി പ്രകാരം 102 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളും 504 ഉപകേന്ദ്രങ്ങളും സ്ഥാപിക്കുകയുണ്ടായി. മലയോര പ്രദേശങ്ങളിൽ 20,000 പേർക്ക് ഒരു പ്രാഥമികാരോഗ്യ കേന്ദ്രവും മററു പ്രദേശങ്ങളിൽ 30,000 പേർക്ക് ഒരു പ്രാഥമികാരോഗ്യ കേന്ദ്രവും വീതം സ്ഥാപിക്കുക എന്നതാണ് ഗവൺമെൻറിന്റെ അന്തിമമായ ലക്ഷ്യം. 1986-87-ൽ ഒരു സ്പോർട്ട്സ് മെഡിസിൻ ലബോറട്ടറി സ്ഥാപിക്കുന്നതും കായികതാരങ്ങൾക്ക് അവരുടെ പ്രകടനം മെച്ചപ്പെടുത്തുവാൻ സഹായകമായ ശാസ്ത്രീയ മാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതുമാണ്. 1986-87-ൽ ആരോഗ്യരംഗത്തെ ഗവേഷണം ഏകോപിപ്പിക്കുന്നതിന് സംസ്ഥാനതലത്തിൽ ഒരു മെഡിക്കൽ റിസർച്ച് ബോർഡ് രൂപവത്കരിക്കുന്നതിനും പരിപാടിയുണ്ട്. കോഴിക്കോട് മെഡിക്കൽ കോളേജ് അടുത്ത വർഷം ഒരു റഫറൽ ആശുപത്രിയായി ഉയർത്തുന്നതിനും. തിരുവനന്തപുരത്തെ റീജിയണൽ ക്യാൻസർ സെൻറർ ഒരു ശാസ്ത്ര സാങ്കേതിക ഇൻസ്ററിററ്യൂട്ടായി ഉയർത്തുന്നതിനുമുള്ള തീരുമാനം എടുത്തുകഴിഞ്ഞു. തൻമൂലം കേന്ദ്രഗവൺമെൻറിന്റെ സാമ്പത്തിക സഹായത്തോടുകൂടി ഈ സ്ഥാപനത്തിന് കൂടുതൽ ഗവേഷണ പരിപാടികൾ ഏറെറടുക്കുവാൻ കഴിയുന്നതാണ്.

29. ഡച്ച് ഗവൺമെൻറിന്റെ സാമ്പത്തിക സഹായമുള്ളതും 28 കോടി രൂപ അടങ്കലുള്ളതുമായ ഏഴ് ശുദ്ധജലവിതരണ പദ്ധതികൾ പുരോഗമിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

വരുന്നു. പാവറട്ടിയിൽ ശുദ്ധജലവിതരണം നടപ്പാക്കുന്നതിനുള്ള 10 കോടി രൂപയുടെ ഒരു പുതിയ പദ്ധതിക്ക് ഡച്ച് ഗവൺമെൻറുമായി ചർച്ചകൾ നടത്തിവരികയാണ്. ഇവ കൂടാതെ കൊല്ലം, കോട്ടയം, വിശാലകൊച്ചി, കണ്ണൂർ, കോഴിക്കോട് എന്നീ സ്ഥലങ്ങളിലെ ജലവിതരണം വിപുലപ്പെടുത്തുന്നതിനും വിളപ്പിൽ, അടൂർ, ചിതറ, പുത്തൻകുരിശ് എന്നീ സ്ഥലങ്ങളിൽ പുതിയ ജലവിതരണ പദ്ധതികൾ തുടങ്ങുന്നതിനും, തെരഞ്ഞെടുക്കപ്പെട്ട മുനിസിപ്പാലിറ്റികളിലും ഗ്രാമപ്രദേശങ്ങളിലും താരതമ്യേന ചെലവു കുറഞ്ഞ ശുചീകരണ പദ്ധതികൾ നടപ്പിലാക്കുന്നതിനുമായി ബൃഹത്തായ ഒരു പദ്ധതി ഏറെടുത്തിട്ടുണ്ട്. ഇവയ്ക്കു ധനസഹായം നൽകുന്നതു സംബന്ധിച്ച് പ്രമാണങ്ങൾ ഇരു ഗവൺമെൻറുകളും പരസ്പരം കൈമാറി കഴിഞ്ഞു. നഗരപ്രദേശങ്ങളിലെ 85 ശതമാനം ആളുകൾക്കും 55 ശതമാനം ഗ്രാമീണർക്കും ഇതിനകം കുടിവെള്ളം എത്തിക്കുവാൻ സാധിച്ചിട്ടുണ്ട്.

30. പ്രകൃതിക്ഷോഭങ്ങൾമൂലം കേരളത്തിൽ നിരവധി കുടുംബങ്ങൾ ഭവനരഹിതരായിത്തീർന്നിട്ടുണ്ട്. ഇവർക്ക് തക്കസമയത്ത് അടിയന്തിര സഹായം എത്തിച്ചതിനുപുറമേ ബൃഹത്തായ ഒരു പുനരധിവാസപദ്ധതി ഗവൺമെൻറ് ആവിഷ്കരിച്ചു നടപ്പിലാക്കുകയും ചെയ്തു. ഒരു ലക്ഷം കുടുംബങ്ങൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കുന്നതാണ്. "സബ്സിഡൈസ്ഡ് എയിഡഡ് സെൽഫ് ഹെൽപ് ഹൗസിംഗ് സ്കീം" അനുസരിച്ച് സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ആളുകൾക്ക് 25,000 വീടുകൾ നിർമ്മിച്ചുകൊടുക്കുന്ന പരിപാടി പൂർത്തിയാക്കുകയുണ്ടായി. ഇതിന്റെ രണ്ടാം ഘട്ടത്തിന്റെ ഭാഗമായ 50,000 വീടുകളുടെ നിർമ്മാണം ആരംഭിച്ചു കഴിഞ്ഞു. ഇരുപതിന പരിപാടിയനുസരിച്ച് 8000 ഹൗസ് സൈറ്റുകൾ വിതരണംചെയ്തു. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ ഇൻറഗ്രേറ്റഡ് ഷെൽട്ടർ പ്രോജക്ടുകൾ സ്ഥാപിക്കുന്നതാണ്. ചുരുങ്ങിയ ചെലവിൽ വീടുകൾ നിർമ്മിക്കുന്നതിനുള്ള സാങ്കേതിക ജ്ഞാനം പ്രചരിപ്പിക്കുന്നതിന് ഗവൺമെൻറ് ശ്രദ്ധിച്ചുവരുന്നു. ഭവനനിർമ്മാണത്തിന്റെ വിവിധ സാങ്കേതിക വശങ്ങളിൽ വിദഗ്ദ്ധ തൊഴിലാളികൾക്ക് കൂടുതൽ പരിശീലനം നൽകുന്നതാണ്.

31. പട്ടികജാതി-പട്ടികവർഗ്ഗക്കാരുടെ ഉന്നമനത്തിന് പരമപ്രാധാന്യം നൽകിക്കൊണ്ടുള്ള പരിപാടികളാണ് സംസ്ഥാന ഗവൺമെൻറ് ഈ അടുത്ത കാലത്ത് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. ഹരിജനങ്ങൾ നടത്തുന്ന മോട്ടോർ സഹകരണ സംഘങ്ങൾക്ക് കൂടുതൽ വാഹനങ്ങൾ അനുവദിക്കുകയും പുതിയ സഹകരണ സംഘങ്ങൾ എല്ലാ ജില്ലകളിലും ആരംഭിക്കുകയും ചെയ്യും. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെടുന്നവർക്ക് കംപ്യൂട്ടർ, ടി. വി. ടെക്നോളജികളിലും മോട്ടോർ റിപ്പയറിംഗ്, കലപണി എന്നിവയിലും വൈദഗ്ദ്ധ്യം ലഭിക്കുന്നതിനുള്ള പരിപാടികൾ ആവിഷ്കരിക്കുന്നതാണ്. എൻട്രൻസ് പരീക്ഷകളിൽ മൽസരിക്കുന്നതിന് ഹരിജന വിദ്യാർത്ഥികളെ പ്രാപ്തരാക്കത്തക്കവണ്ണം ഹ്രസ്വകാല കോഴ്സുകൾ ആരംഭിക്കും. കലപണിയിൽ വൈദഗ്ദ്ധ്യം നേടിയിട്ടുള്ള ഹരിജനങ്ങൾക്ക് എൻ. ആർ. ഇ. പി., ആർ. എൽ. ഇ. ജി. പി. എന്നീ പദ്ധതികളിലുള്ള പണികൾ ഏറെടുക്കുന്നതിനുവേണ്ടി ഒത്താശകൾ ചെയ്തുകൊടുക്കുന്നതാണ്. 1986-87-ൽ തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജുമായി സഹകരിച്ച് ഹരിജനങ്ങൾക്കുവേണ്ടി ടൂ വീലർ വാഹനങ്ങളുടെ മെക്കാനിസത്തെപ്പറ്റിയുള്ള കോഴ്സുകൾ നടത്തുന്നതാണ്. ഈ വിഭാഗത്തിന്റെ വികസനാവശ്യങ്ങൾ നിർണ്ണയിക്കുന്നതിലേക്ക് ഒരു സർവേ നടത്തുന്നതിനും ഉദ്ദേശിക്കുന്നു. പല ഹരിജൻ കോളനികളിലും കമ്മ്യൂണിറ്റി ഹാളുകൾ നിർമ്മിച്ചുകഴിഞ്ഞു. 1986-87-ൽ ഹരിജന-ഗിരിജന പദ്ധതികൾക്ക് പദ്ധതിവിഭാഗത്തിൽ മൊത്തം

LIBRARY ARCHIVES Kerala Legislative Assembly

12.50 കോടി രൂപ നീക്കിവച്ചിരിക്കുന്നു. ഇത് ഈ വർഷത്തെ തുകയേക്കാൾ 16 ലക്ഷം രൂപ കൂടുതലാണ്.

32. സംയോജിത ശിശുവികസന പദ്ധതികളും നടപ്പിലാക്കിയിട്ടില്ലാത്ത നഗരപ്രദേശങ്ങളിൽ പ്രത്യേക പോഷകാഹാര പരിപാടിയും പ്രയുക്ത പോഷകാഹാര പരിപാടിയും നടപ്പിലാക്കുന്നതാണ്. 1986-87-ൽ ഇതിനു വേണ്ടി 2.3 കോടി രൂപ മാറ്റിവച്ചിട്ടുണ്ട്. സ്കൂൾ കുട്ടികൾക്കു വേണ്ടിയുള്ള ഉച്ചഭക്ഷണ പരിപാടിക്ക് അടുത്തവർഷം 11 കോടി രൂപ വകയിരുത്തുന്നു. ഇത് ഇക്കൊല്ലത്തെ അപേക്ഷിച്ച് 7.22 കോടി രൂപ കൂടുതലാണ്.

33. ഒരു നിയോജകമണ്ഡലത്തിൽ രണ്ടുറോഡ് എന്ന പദ്ധതി പ്രകാരം നടപ്പുവർഷത്തിൽ 11 കോടി രൂപയുടെ അടങ്കൽ പ്രതീക്ഷിക്കുന്ന 51 റോഡുകൾക്ക് ഗവൺമെൻറ് ഭരണാനുമതി നൽകുകയുണ്ടായി. ഈ പണികൾ പുരോഗമിച്ചുവരുന്നു. വെള്ളപ്പൊക്കത്തിൻെറ ഫലമായി കേടുപാടുകൾ സംഭവിച്ച സംസ്ഥാനത്തെ റോഡുകളുടെ പുനരുദ്ധാരണം ത്വരിതഗതിയിൽ നടക്കുന്നുണ്ട്. പൊതുമരാമത്തുവകുപ്പ് ശാസ്ത്രീയമായി പുനഃസംഘടിപ്പിക്കുകയുണ്ടായി. പ്രധാനപ്പെട്ട പത്തു പാലങ്ങളുടെ പണി നടപ്പുവർഷത്തിൽ പൂർത്തിയാക്കപ്പെട്ടു. മറ്റ് 16 പാലങ്ങളുടെ പണി പുരോഗമിച്ചുവരുന്നു. നാഷണൽ ഹൈവേയിലുള്ള പുതുപ്പൊന്നാനി പാലത്തിൻെറ പണി പൂർത്തിയാക്കി ഗതാഗതത്തിനു തുറന്നുകൊടുത്തു. പുതിയ നിയമസഭാ മന്ദിരത്തിൻെറ നിർമ്മാണം പുരോഗമിച്ചുവരുന്നു. സംസ്ഥാന കൺസ്ട്രക്ഷൻ കോർപ്പറേഷൻ 38 കോടി രൂപ ചെലവു പ്രതീക്ഷിക്കുന്ന 80 പണികൾ ഏറ്റെടുത്തു നടത്തുന്നുണ്ട്.

34. സംസ്ഥാനത്തെ ഭക്ഷ്യധാന്യങ്ങളുടെ വിലനിരക്കുകൾ അയൽ സംസ്ഥാനങ്ങളിലെ നിരക്കുകളേക്കാൾ കൂടുതലാകാതെ നിയന്ത്രിച്ചു നിർത്തുന്നതിന് സിവിൽ സപ്ലൈസ് സംവിധാനത്തിനു സാധിച്ചിട്ടുണ്ട്. കാർഡുടമകളുടെ സൗകര്യാർത്ഥം സംസ്ഥാനത്തിൻെറ വിവിധ ജില്ലകളിലായി 289 പുതിയ റേഷൻ കടകൾ കഴിഞ്ഞ ഒരു വർഷത്തിൽ തുറക്കുകയുണ്ടായി. എല്ലാ ജില്ലകളുടെയും ആസ്ഥാനങ്ങളിൽ സൂപ്പർ മാർക്കറ്റുകൾ തുറക്കുന്നതാണ്.

35. കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ ഈ അടുത്തകാലത്ത് അതിൻെറ എല്ലാ പ്രവർത്തനമേഖലകളിലും കാര്യമായ നേട്ടം കൈവരിച്ചിട്ടുണ്ട്. തുടർച്ചയായ നഷ്ടത്തിനുശേഷം 1984-85-ൽ കോർപ്പറേഷൻ ലാഭമുണ്ടാക്കുകയുണ്ടായി. 1986-87-ൽ ഈ സ്ഥാപനം 35 കോടിരൂപയുടെ വായ്പ നൽകുവാൻ ഉദ്ദേശിക്കുന്നു. ഇതിനകം 6000 വ്യവസായ ഘടകങ്ങൾക്കായി കോർപ്പറേഷൻ 100 കോടി രൂപയുടെ വായ്പ നൽകിക്കഴിഞ്ഞു.

36. സർക്കാർ ജീവനക്കാരുടെ ഭവനനിർമ്മാണ വായ്പാപേക്ഷകൾ അതിലേക്കു വകയിരുത്തുന്ന തുകയുടെ പരിമിതിമൂലം മുഴുവനായി പരിഗണിക്കാൻ കഴിഞ്ഞിട്ടില്ല ഗവൺമെൻറ് ജീവനക്കാർക്കും അവരുടെ കുടുംബങ്ങൾക്കും വളരെയേറെ പ്രയോജനം ലഭിക്കുന്ന ഒരു ക്ഷേമപദ്ധതിയെന്ന നിലയിൽ ഇതിനുവേണ്ടി കൂടുതൽ തുക അടുത്ത വർഷത്തെ ബഡ്ജറ്റിൽ ഉൾക്കൊള്ളിക്കേണ്ടതാണെന്ന് ഗവൺമെൻറ് കരുതുന്നു. അതിനാൽ 1986-87-ൽ ഈ ആവശ്യത്തിന് 6.25 കോടിരൂപ മാറ്റിവയ്ക്കുന്നു.

37. പോലീസ് സേനയുടെ നവീകരണത്തിനുവേണ്ടി 99 ലക്ഷംരൂപ നടപ്പുവർഷം ചെലവാക്കുന്നതാണ്. ഈ പദ്ധതി 1986-87-ലും തുടരും. കോഴിക്കോടും കൊച്ചിയിലും ഓരോ മേഖലാ കെമിക്കൽ ഏക്സാമിനേഴ്സ് ലബോറട്ടറി സ്ഥാപിക്കുന്നതാണ്. അഗ്നിശമന പ്രവർത്തനത്തിന് ആവശ്യമായ യന്ത്രങ്ങളും വാഹനങ്ങളും സമ്പാദിക്കും. ഇതിന് ജനറൽ ഇൻഷ്വറൻസ്

LIBRARY ARCHIVES Kerala Legislative Assembly

കോർപ്പറേഷനിൽനിന്നും ധനസഹായം ലഭിക്കുന്നതാണ്. 1986-87-ൽ കൂടുതൽ കോടതികളും ട്രൈബ്യൂണലുകളും ഏർപ്പെടുത്തും. ഹൈക്കോടതിയിലേയും മറ്റു കോടതികളിലേയും ജഡ്ജിമാർക്കുവേണ്ടിയുള്ള വേനങ്ങളുടെ നിർമ്മാണം ഘട്ടംഘട്ടമായി ഏറ്റെടുക്കുന്നതാണ്.

38. പരീക്ഷണാടിസ്ഥാനത്തിൽ ചില പഞ്ചായത്തുകളിൽ കമ്യൂണിറ്റി ബയോഗ്യാസ് പ്ലാൻറുകൾ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നു. ഇങ്ങനെ ഉത്പാദിപ്പിക്കുന്ന ബയോഗ്യാസ്, തെരുവു വിളക്കു കത്തിക്കൽ പോലുള്ള പൊതു ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതാണ്. ഇതിന് കേന്ദ്ര ഗവൺമെൻറിൻെറ കാര്യമായ ധനസഹായം പ്രതീക്ഷിക്കുന്നു. പഞ്ചായത്ത് ഫിനാൻസ് കമ്മീഷൻ, സമർപ്പിച്ച റിപ്പോർട്ട് ഗവൺമെൻറിൻെറ പരിഗണനയിലാണ്. കുടിവെള്ളത്തിന് വളരെയേറെ ക്ഷാമമുള്ള മലപ്പുറം, പാലക്കാട്, വയനാട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിലെ തെരഞ്ഞെടുക്കപ്പെടുന്ന പഞ്ചായത്തുകളിൽ കുഴൽ കിണറുകൾ നിർമ്മിക്കും. പഞ്ചായത്തുകൾക്ക് ഈ ആവശ്യത്തിന് ഒരു കുഴൽക്കിണറിന് 25,000 രൂപ എന്ന കണക്കിന് ഗ്രാൻറ് നൽകുന്നതാണ്.

39. റവന്യൂ വില്ലേജുകളുടെ പുനഃസംഘടനയുടെ ഫലമായി 203 പുതിയ വില്ലേജുകൾകൂടി രൂപവത്ക്കരിച്ചു. പൊതുജനങ്ങളിൽ നിന്നുള്ള പരാതികൾ പെട്ടെന്നു തീരുമാനമെടുക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുകയും നടപടിക്രമങ്ങൾ ലഘൂകരിക്കുകയും ചെയ്തു. നാലു വില്ലേജുകളിൽ ഏർപ്പെടുത്തിയ പട്ടയം പാസ് ബുക്ക് സമ്പ്രദായം ഫലപ്രദമെന്നുകണ്ടാൽ മറ്റു വില്ലേജുകളിലേക്കും വ്യാപിപ്പിക്കും. പുനഃസർവ്വേ തീരുന്നമുറയ്ക്ക് വില്ലേജുകളിലും മറ്റുമുള്ള ഭൂരേഖകൾ നവീകരിക്കുന്നതാണ്. ഗവൺമെൻറിനേയും മറ്റു ഏജൻസികളുടേയും ആവശ്യത്തിനുവേണ്ടി ഭൂമി പൊന്നും വിലയ്ക്കെടുക്കുന്ന കാര്യത്തിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന കാലതാമസം ഒഴിവാക്കുന്നതിന് വിവിധ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

40. കനത്ത മഴ, വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ, കടലാക്രമണം എന്നിവ കാരണം ജീവനും സ്വത്തിനും വളരെയേറെ നാശനഷ്ടങ്ങൾ സംഭവിച്ച ഒരു വർഷമാണ് 1985. ഇത്തരം സന്ദർഭങ്ങളിൽ അവസരത്തിനൊത്ത് ഭരണയന്ത്രം പ്രവർത്തിപ്പിക്കുകയും ജനങ്ങൾക്ക് ആശ്വാസമരുളുന്ന നിരവധി നടപടികൾ സത്വരമായി സ്വീകരിക്കുകയും ചെയ്തു. ദുരിതാശ്വാസത്തിനു കേന്ദ്രത്തിൽ നിന്നു ലഭിച്ച സഹായവും സംസ്ഥാനത്തിൻെറ വിഹിതവും ഉപയോഗിച്ച് വിപുലമായ ദുരിതാശ്വാസ പ്രവർത്തനങ്ങൾ ഈ വർഷം ഏറ്റെടുക്കുകയുണ്ടായി.

41. എക്സൈസ് വകുപ്പിൻെറ എൻഫോഴ്സ്മെൻറ് വിഭാഗം കൂടുതൽ ശക്തിപ്പെടുത്തുന്നതാണ്. വ്യാജവാറ്, കേരളത്തിലേക്കുള്ള മദ്യത്തിൻെറ കള്ളക്കടത്ത് എന്നിവ തടയുന്നതിന് ഫലപ്രദമായ നടപടികൾ സ്വീകരിക്കും.

പുതിയ പരിപാടികൾ

42. 1986-87-ൽ നടപ്പാക്കാനുദ്ദേശിക്കുന്ന ചില പരിപാടികളെക്കുറിച്ച്, ഇനി ഞാൻ പ്രതിപാദിക്കട്ടെ.

വൈദ്യുതി സ്ലാബ് സമ്പ്രദായം പരിഷ്ക്കരിക്കുന്നു :

43. വൈദ്യുത്ഛക്തി ബോർഡ് ഏർപ്പെടുത്തിയ സ്ലാബ് സമ്പ്രദായത്തെപ്പറ്റി പരാതികൾ ഉയർന്നുവരികയുണ്ടായി. ഇവയിൽ പ്രധാനം ആറു മാസത്തിലൊരിക്കൽ മീറ്റർ റീഡിംഗ് എടുക്കുമ്പോൾ ന്യായമായി ലഭിക്കേണ്ട

LIBRARY ARCHIVES Kerala Legislative Assembly